ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 29-12-2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമ്മുവിന്റെ ഝാർഖണ്ഡ് സന്ദർശനം പുരോഗമിക്കുന്നു. സന്താലി ഭാഷയിലെ ഓൽചീകി ലിപിയുടെ നൂറാം വാർഷിക ആഘോഷ പരിപാടികളിൽ രാഷ്ട്രപതി പങ്കെടുക്കുന്നു.

   **President Droupadi Murmu's visit to Jharkhand underway. She is attending the centenary celebrations of the Ol Chiki script of the Santali language.**

2. ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ ദ്വിദിന സന്ദർശനത്തിനായി ഇന്നു വൈകിട്ട് കേരളത്തിലെത്തും. തിരുവനന്തപുരത്ത് വിവിധ പരിപാടികളിൽ സംബന്ധിക്കും.

   **Vice President C. P. Radhakrishnan will arrive in Kerala this evening on a two-day visit. VP to take part in various programmes in Thiruvananthapuram.**

3. ഉൽപ്പാദനം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കാനും, ഇന്ത്യയെ ആഗോള സേവനദാതാക്കളാക്കി ഉയർത്താനും ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi calls upon states to encourage manufacturing, boost 'ease of doing business' and strengthen services sector to make India a global services giant**

4. ഉത്തരേന്ത്യയിൽ കനത്ത മൂടൽ മഞ്ഞിനെ തുടർന്ന് വിമാന, ട്രെയിൻ സർവീസുകൾ തടസ്സപ്പെട്ടു. 64 വിമാനങ്ങൾ റദ്ദാക്കി.

**Flight and train services disrupted in North India due to dense fog. Sixty-four flights were cancelled.**

5. കേരളത്തിൽ സ്ഥാനാർത്ഥികളുടെ നിര്യാണത്തെ തുടർന്ന് വോട്ടെടുപ്പ് മാറ്റിവെച്ച മൂന്നു തദ്ദേശ വാർഡുകളിൽ പത്രിക പിൻവലിക്കാൻ അവസാന തീയതി ഇന്ന്.

**In Kerala, today marks the final day for nomination withdrawals in three local body wards where elections were deferred following the death of candidates.**

6. ഇന്ത്യ-ശ്രീലങ്ക വനിതാ ടി–20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം നാളെ തിരുവനന്തപുരത്ത്.

**The final match of the India–Sri Lanka Women's T20 cricket series will be held tomorrow in Thiruvananthapuram.**

**************************************

## PRESIDENT

രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ ഝാർഖണ്ഡ് സന്ദർശനം പുരോഗമിക്കുന്നു. സന്താലി ഭാഷയിലെ ഓൽചീകി ലിപിയുടെ നൂറാം വാർഷിക ആഘോഷ പരിപാടികളിൽ രാഷ്ട്രപതി പങ്കെടുക്കുകയാണ്. ജഹെർത്താനിൽ ഓൽചീകി ലിപിയുടെ പിതാവായ പണ്ഡിറ്റ് രഘുനാഥ് മുർമുവിന് രാഷ്ട്രപതി ആദരാഞ്ജലി അർപ്പിച്ചു. ജംഷഡ്പൂർ എൻ.ഐ.ടി യുടെ പതിനഞ്ചാമത് ബിരുദദാന ചടങ്ങിനെയും രാഷ്ട്രപതി അഭിസംബോധന ചെയ്യും.

**************************************

## PUDUCHERRY-VP VISIT

ഏകദിന സന്ദർശനത്തിനായി ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ പുതുച്ചേരിയിൽ എത്തി. പുതുച്ചേരി ലഫ്റ്റനന്റ് ഗവർണർ കെ.കൈലാഷ് നാഥൻ, മുഖ്യമന്ത്രി എൻ.രംഗസ്വാമി തുടങ്ങിയവർ അദ്ദേഹത്തെ വിമാനത്താവളത്തിൽ സ്വീകരിച്ചു. സ്മാർട്ട് സിറ്റി മിഷനു കീഴിലുള്ള ഭവന പദ്ധതിക്ക് തുടക്കം കുറിച്ച ഉപരാഷ്ട്രപതി കമ്പൻ കലൈയരംഗത്ത് അഞ്ച് വീടുകളുടെ താക്കോൽ കൈമാറ്റവും നിർവഹിച്ചു. ഭാരതീയാർ സ്മാരകത്തിൽ മഹാകവി സുബ്രഹ്മണ്യ ഭാരതീയാരുടെ പ്രതിമ അദ്ദേഹം അനാച്ഛാദനം ചെയ്യും.ഉച്ചകഴിഞ്ഞ്, കാലാപേട്ടിൽ പോണ്ടിച്ചരിസർവകലാശാലയുടെ 30-ാമത് ബിരുദദാന സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചശേഷം തിരുവനന്തപുരത്തേക്ക് പുറപ്പെടും.

****************************************

## VICE PRESIDENT (INTRO)

ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ദ്വിദിന സന്ദർശനത്തിനായി ഇന്നു വൈകിട്ട് കേരളത്തിലെത്തും. തിരുവനന്തപുരത്ത് വിവിധ പരിപാടികളിൽ സംബന്ധിക്കും. **വിശദാംശങ്ങളിലേക്ക്......**

**(ഹോൾഡ് വോയ്സ്..............).**

ഇന്ന് വൈകിട്ട് പാളയം എൽ.എം.എസിൽ നടക്കുന്ന ട്രിവാൻഡ്രം ഫെസ്റ്റിലെ സ്നേഹ സംഗമം പരിപാടിയിൽ ഉപരാഷ്ട്രപതി പങ്കെടുക്കും. നാളെ രാവിലെ വർക്കലയിൽ ശിവഗിരി തീർത്ഥാടനം ഉപരാഷ്ട്രപതി ഉദ്ഘാടനം ചെയ്യും. ഉപരാഷ്ട്രപതിയുടെ സന്ദർശനത്തോട് അനുബന്ധിച്ച് തിരുവനന്തപുരത്ത് ഇന്ന് ഉച്ചയ്ക്ക് 2.30 മുതൽ രാത്രി 8.30 വരെയും നാളെ രാവിലെ 6 മുതൽ ഉച്ചയ്ക്ക് രണ്ട് വരെയും ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഇന്ന് വൈകുന്നേരം 6 മുതൽ രാത്രി 8 വരെ കനകക്കുന്ന്

കോമ്പൗണ്ടിലേക്ക് പൊതുജനങ്ങൾക്ക് പ്രവേശനം ഉണ്ടായിരിക്കില്ല.
**ന്യൂസ് ഡെസ്ക് ആകാശവാണി**

************ ************************

## PM CHIEF SECRETARIES

ഉൽപ്പാദനം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കാനും, ഇന്ത്യയെ ആഗോള സേവനദാതാക്കളാക്കി ഉയർത്താനും സംസ്ഥാനങ്ങളോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ നടന്ന അഞ്ചാമത് ചീഫ് സെക്രട്ടറിമാരുടെ ദേശീയ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. ഇന്ത്യ ഉടൻ തന്നെ ദേശീയ ഉൽപ്പാദന മിഷൻആരംഭിക്കുമെന്നും, വിദേശ കമ്പനികളെ ആകർഷിക്കുന്നതിനു വേണ്ട നടപടികൾക്ക് എല്ലാ സംസ്ഥാനങ്ങളും മുൻതൂക്കം നൽകണമെന്നും അദ്ദേഹം പറഞ്ഞു. യുവജനങ്ങളുടെ പ്രയത്നം രാജ്യത്തിന് എക്കാലവും മുതൽക്കൂട്ടാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

************ ************************

## DENSE FOG

ഉത്തരേന്ത്യയിൽ കനത്ത മൂടൽ മഞ്ഞിനെ തുടർന്ന് വിമാന, ട്രെയിൻ സർവീസുകൾ തടസ്സപ്പെട്ടു. ഇന്ന് 64 വിമാനങ്ങൾ റദ്ദാക്കിയതായി ഡൽഹി വിമാനത്താവളം അധികൃതർ അറിയിച്ചു. ഡൽഹിയിലേക്കുള്ള 18 ട്രെയിനുകൾ മൂന്ന് മണിക്കൂറിലധികം വൈകിയാണ് ഓടുന്നത്. സിവിൽ വ്യോമയാന മന്ത്രാലയം യാത്രക്കാർക്ക് ജാഗ്രതാനിർദ്ദേശം നൽകി. വിമാനത്താവളത്തിലേക്ക് പോകുന്നതിനുമുമ്പ് ഫ്ളൈറ്റിന്റെ സമയക്രമം പരിശോധിക്കാൻ വ്യോമയാനക്കമ്പനികൾ യാത്രക്കാരോട് നിർദ്ദേശിച്ചു.

************ ************************

## UNNAO CASE

ഉന്നാവോ കേസിൽ ഉത്തർ പ്രദേശ് മുൻ എംഎൽഎ കുൽദീപ് സിംഗ് സെൻഗാറിന് തിരിച്ചടി. സെൻഗാറിൻറെ ശിക്ഷ മരവിപ്പിക്കുകയും ജാമ്യം അനുവദിക്കുകയും ചെയ്ത ഡൽഹി ഹൈക്കോടതി ഉത്തരവ് സുപ്രീംകോടതി സ്റ്റേ ചെയ്തു. സിബിഐ സമർപ്പിച്ച ഹർജിയിലാണ് ഉത്തരവ്. ചീഫ് ജസ്റ്റിസ് അടങ്ങിയ മൂന്നംഗ ബെഞ്ചാണ് ഹർജി പരിഗണിച്ചത്.

***********************************

## SC ARAVALLI

അരാവലി മലനിരകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് സ്വമേധയാ എടുത്ത കേസിൽ സുപ്രീം കോടതി വാദം കേൾക്കുന്നു. പാരിസ്ഥിതികമായി ദുർബലമായ മേഖലയുടെ സംരക്ഷണത്തെക്കുറിച്ചുള്ള ആശങ്കകളാണ് പരിഗണിക്കുന്നത്. ചീഫ് ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസുമാരായ ജെ.കെ. മഹേശ്വരി, എ.ജി. മസിഹ് എന്നിവരടങ്ങുന്ന ബെഞ്ചാണ് കേസ് പരിഗണിക്കുന്നത്.

***********************************

## INDIA ENERGY MOMENT

ദീർഘകാലമായി വൈകിയ ഊർജ്ജ പരിഷ്കാരങ്ങളിൽ ഇന്ത്യ ഗണ്യമായ പുരോഗതി കൈവരിച്ചതായി കേന്ദ്ര സർക്കാർ. ആണവോർജ്ജം, വൈദ്യുതി വിതരണം, ശുദ്ധ ഊർജ്ജം, നിർണായക ധാതുക്കൾ എന്നിവയിലുടനീളം 2025-ൽ നിർണായക പുരോഗതിയാണ് രാജ്യം കൈവരിച്ചത്. കാലഹരണപ്പെട്ട ആണവ ബാധ്യതാ നിയമങ്ങൾ പരിഷ്കരിച്ച് പാസാക്കിയ ശാന്തി ബില്ലാണ് ഒരു പ്രധാന ചുവടുവയ്പ്പ്. വൈദ്യുത വാഹനങ്ങൾ, പുനരുപയോഗ ഊർജ്ജം, പ്രതിരോധം എന്നിവയ്ക്ക് ആവശ്യമായ ലിഥിയം, കൊബാൾട്ട്, അപൂർവ ധാതുക്കൾ എന്നിവയുടെ

വിതരണം ഉറപ്പാക്കുന്നതിനായി, നാഷണൽ ക്രിട്ടിക്കൽ മിനറൽ മിഷനും ആരംഭിച്ചു. വൈദ്യുതി (ഭേദഗതി) ബിൽ, 2025, കർഷകർക്കും താഴ്ന്ന വരുമാനമുള്ള കുടുംബങ്ങൾക്കും സംരക്ഷണം നൽകുന്നു.

**************************************

## VIKSIT BHARAT G RAM G ACT

കഴിഞ്ഞ ഏഴ് വർഷത്തെ ശരാശരി വിഹിതവുമായി താരതമ്യപ്പെടുത്തുമ്പോൾ വികസിത് ഭാരത്-ഗ്യാരണ്ടി ഫോർ റോസ്ഗാർ ആൻഡ് ആജീവിക മിഷൻ (ഗ്രാമീൺ) ആക്ട് സംസ്ഥാനങ്ങൾക്ക് 17,000 കോടി രൂപയുടെ നേട്ടമുണ്ടാക്കുമെന്ന് റിപ്പോർട്ട്. നിയമം സംസ്ഥാനങ്ങൾക്കുള്ള മൊത്തത്തിലുള്ള ഫണ്ട് വിതരണം മെച്ചപ്പെടുത്തുമെന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഗവേഷണ റിപ്പോർട്ടിൽ പറയുന്നു.

**************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്........

(ബ്രേക്ക്)

**************************************

## SIR

കേരളത്തിൽ കരട് വോട്ടർ പട്ടികയിൻമേലുള്ള പരാതികളും അവകാശവാദങ്ങളും ജനുവരി 22 വരെ സമർപ്പിക്കാം. voters.eci.gov.in, ceo.kerala.gov.in വെബ്സൈറ്റുകളിൽ കരട് പട്ടിക ലഭ്യമാണ്.

**************************************

## BIRD FLUE – COLLECTOR (INTRO)

ആലപ്പുഴയിൽ പക്ഷിപ്പനി നിയന്ത്രണവിധേയമാക്കാൻ കർശന നടപടി സ്വീകരിച്ചതായി ജില്ലാ കളക്ടർ അലക്സ് വർഗീസ്. രണ്ടുദിവസംകൊണ്ട് 28,000 പക്ഷികളെ കള്ളിങ് ചെയ്തു. പത്ത് കിലോമീറ്റർ ചുറ്റളവിൽ വിൽപ്പനയും ഉപയോഗവും വിലക്കിയിട്ടുണ്ടെന്നും കളക്ടർ അറിയിച്ചു.

(ഹോൾഡ് വോയ്സ്.......)

********** ********************** ****

## NOMINATION

കേരളത്തിൽ സ്ഥാനാർത്ഥികളുടെ നിര്യാണത്തെ തുടർന്ന് വോട്ടെടുപ്പ് മാറ്റിവെച്ച മൂന്നു തദ്ദേശ വാർഡുകളിൽ പത്രിക പിൻവലിക്കാൻ അവസാന തീയതി ഇന്ന്. മലപ്പുറം മൂത്തേടം പഞ്ചായത്തിലെ പായിപ്പാടം, എറണാകുളം പാമ്പാക്കുട പഞ്ചായത്തിലെ ഓണക്കൂർ, തിരുവനന്തപുരം കോർപ്പറേഷനിലെ വിഴിഞ്ഞം എന്നീ വാർഡുകളിൽ ജനുവരി 12-നാണ് വോട്ടെടുപ്പ്. 13-ന് വോട്ടെണ്ണും.

********** ********************** ****

## STANDING COMMITTEE

അധ്യക്ഷ-ഉപാധ്യക്ഷ തിരഞ്ഞെടുപ്പ് പൂർത്തിയായ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും വിവിധ സ്റ്റാന്റിങ് കമ്മിറ്റി അംഗങ്ങളുടെ തിരഞ്ഞെടുപ്പ് അടുത്തമാസം 5 മുതൽ 7 വരെ തീയതികളിൽ നടത്തുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ. ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളിൽ നാലും ജില്ലാ പഞ്ചായത്തിൽ അഞ്ചും മുനിസിപ്പാലിറ്റികളിൽ ആറും കോർപ്പറേഷനുകളിൽ എട്ടും സ്റ്റാന്റിംഗ് കമ്മിറ്റികളാണ് രൂപീകരിക്കേണ്ടത്.

********** ********************** ****

## WOMENS CRICKET

ഇന്ത്യ- ശ്രീലങ്ക വനിതാ ടി–20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം നാളെ തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടക്കും. ഇന്നലെ നാലാം മത്സരത്തിൽ, ഇന്ത്യ 30 റൺസിന് വിജയിച്ചിരുന്നു. പരമ്പരയിലെ നാലു കളികളിലും ഇന്ത്യക്കാണ് വിജയം.

**************************************

## CEC – BHUBANESWAR

തിരഞ്ഞെടുപ്പ് പ്രക്രിയയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന്, മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ ഇന്ന് ഒഡിഷയിലെ ഭുവനേശ്വറിൽ ബൂത്ത് ലെവൽ ഓഫീസർമാരുമായി സംവദിക്കും. 800 ബിഎൽഒമാർ യോഗത്തിൽ പങ്കെടുക്കും. തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ മൂന്നാംഘട്ടത്തിനു മുന്നോടിയായി മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറുടെ മൂന്ന് ദിവസത്തെ സന്ദർശനം ശനിയാഴ്ച ആരംഭിച്ചിരുന്നു.

**************************************

## AISPLB- BANGLADESH

ബംഗ്ലാദേശിലെ ഹിന്ദു ന്യൂനപക്ഷങ്ങൾക്കെതിരായ അതിക്രമങ്ങളിൽ അപലപിച്ച് അഖിലേന്ത്യാ ഷിയ വ്യക്തിനിയമ ബോർഡ്. നിരപരാധികളെ കൊല്ലുന്നത് ഇസ്ലാം വിലക്കുന്നതായും മതത്തിന്റെ പേരിലുള്ള ഇത്തരം ആക്രമണങ്ങളിൽ നിന്നും വിട്ടുനിൽക്കണമെന്നും ബോർഡ് അഭ്യർത്ഥിച്ചു . ലഖ്നൗവിൽ നടന്ന ബോർഡിൻറെ വാർഷിക കൺവെൻഷനിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നും ബംഗ്ലാദേശ്, നേപ്പാൾ എന്നിവിടങ്ങളിൽ നിന്നുമുള്ള ഉലമ, മുസ്ലീം പണ്ഡിതർ പങ്കെടുത്തു.

**************************************

## TRUMP-ZELENSKYY MEET

റഷ്യയുമായുള്ള യുദ്ധം അവസാനിപ്പിക്കാനുള്ള സമാധാന പദ്ധതി ചർച്ച ചെയ്യാൻ യുക്രേനിയൻ പ്രസിഡന്റ് വോളോഡിമർ സെലെൻസ്കി യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപുമായി കൂടിക്കാഴ്ച നടത്തി. റഷ്യ—യുക്രൈൻ സമാധാന ചർച്ചകളിൽ ഏറെ പുരോഗതി ഉണ്ടായിട്ടുണ്ടെന്നും ഇരു രാജ്യങ്ങളും യുദ്ധം അവസാനിപ്പിക്കുന്നതിനെ അനുകൂലിക്കുന്നുവെന്നും യുഎസ് പ്രസിഡന്റ് പറഞ്ഞു. ശാശ്വത സമാധാനം കൈവരിക്കുന്നതിനു സുരക്ഷാ വാഗ്ദാനങ്ങൾ പ്രധാനമാണെന്ന് യുക്രൈൻ പ്രസിഡന്റ് പ്രതികരിച്ചു.

****************************************

## US WINTER STORM

ശൈത്യകാല കൊടുങ്കാറ്റിനെ തുടർന്ന് അമേരിക്കയിലെ വിവിധ ഭാഗങ്ങളിൽ കനത്ത മഞ്ഞുവീഴ്ചയും ശക്തമായ കാറ്റും. ചില ഇടങ്ങളിൽ മഞ്ഞുവീഴ്ച ഒരടിയിലധികം എത്തിയിട്ടുണ്ട്. കൊടുങ്കാറ്റിനെതുടർന്ന് നിരവധി വിമാനസർവ്വീസുകൾ വൈകിയതായും റിപ്പോർട്ടുണ്ട്.

****************************************

## SRI LANKA - EMERGENCY

ദിത്വാ ചുഴലിക്കാറ്റിൻറെ പശ്ചാത്തലത്തിൽ ഒരു മാസം മുമ്പ് പ്രഖ്യാപിച്ച പൊതു അടിയന്തരാവസ്ഥ ഒരു മാസത്തേക്ക് കൂടി നീട്ടി ശ്രീലങ്കൻ പ്രസിഡന്റ് അനുര കുമാര ദിസനായകെ. രക്ഷാപ്രവർത്തനത്തിനും ദുരിതാശ്വാസ സഹായത്തിനും സൈന്യം ഉൾപ്പെടെയുള്ളവയെ ഏകോപിപ്പിക്കുന്നതിനാണ് നടപടി.

****************************************

## UTTARAKHAND – CHOUHAN

ഉത്തരാഖണ്ഡിലെ ചമോലി ജില്ലയിലെ ഗൗച്ചറിൽ ഇന്ന് നടക്കുന്ന സംസ്ഥാനതല കർഷക ദിന പരിപാടിയിൽ കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ പങ്കെടുക്കും. കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സർക്കാർ പദ്ധതികളെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനുമായി എല്ലാ മാസവും രണ്ടാമത്തെ വ്യാഴാഴ്ച "കർഷക ദിനം" ആചരിക്കാൻ ഉത്തരാഖണ്ഡ് സർക്കാർ തീരുമാനിച്ചതായി കൃഷി മന്ത്രി ഗണേഷ് ജോഷി പറഞ്ഞു. കേന്ദ്ര കൃഷി മന്ത്രിയും ഉത്തരാഖണ്ഡ് മുഖ്യമന്ത്രിയും ചേർന്ന് ഈ സംരംഭം ഇന്ന് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യും.

**************************************************************************

**************************************